# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1824** 16.02.2016-ൽ മറുപടിക്ക്

## സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ.എം.വി. ശ്രേയാംസ് കുമാർ**<br>**ഡോ. എൻ.ജയരാജ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ ; | (എ) സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടികൾ സ്വീകരിച്ച് സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനം ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ മുഖേന സമയബന്ധിതമായി സേവനങ്ങൾ ലഭിക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിലേയ്ക്കുമായി 2012 നവംബർ 1-ാം തീയതി മുതൽ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 ഉം ആയതിന്റെ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്.<br>ഭരണ നടപടികൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭരണ നടപടി ക്രമങ്ങൾ ലളിതമാക്കാനും സുതാര്യമാക്കുവാനും സർക്കാർ സേവനങ്ങൾ കാര്യക്ഷമമായി, സർക്കാർ ഓഫീസിൽ പോകാതെ ഏതു സമയത്തും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന നിരവധി ഇ-ഗവേണൻസ് പദ്ധതികൾ വിവര സാങ്കേതിക വിദ്യാ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി |

വരുന്നുണ്ട്.

എല്ലാ സർക്കാർ ജീവനക്കാർക്കും വികസനോന്മുഖമായ പരിശീലനം നൽകണ മെന്നതാണ് സർക്കാർ നയം. കേരള സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലനപരിപാടികൾ നടത്തി വരുന്നുണ്ട്. പുതുതായി സർവീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗും ഇതിൽ ഉൾപ്പെടും. കേരള സംസ്ഥാന ഭരണപരിഷ്കാര കമ്മിറ്റിയുടെ സെക്രട്ടേറിയറ്റ് നവീകരണത്തിനായുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിലേയ്ക്ക് ഒരു ഇൻഹൗസ് ട്രെയിനിംഗ് & ഡെവലപ്മെന്റ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇതിനുപുറമെ സിവിൽ സർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കണമെന്ന് ബഹു. സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്/ഐ.എഫ്.എസ് ഉദ്യോഗസ്ഥർ ക്ക വേണ്ടി 05.05.2014-ലെ സ.ഉ.(കൈ) നം. 107/14/പൊ.ഭ.വ. പ്രകാരം ഒരു സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലെ ശമ്പളപരിഷ്ക്കരണ കമ്മീഷൻ നൽകിയിട്ടുള്ള ശിപാർശകൾ നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ബി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശുപാർശകളടങ്ങിയ പത്താം ശമ്പള കമ്മീഷന്റെ രണ്ടാം ഘട്ട റിപ്പോർട്ട് പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി 20.01.2016-ലെ സ.ഉ. (അച്ചടി) നം. 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.